# 'അർക്ക സാമ്രാട്ട്'



വിത്ത് പാകാൻ രണ്ട് മീറ്റർ നീളവും ഒരു മീറ്റർ വീതിയും 25 സെ.മീറ്റർ ഉയരവുമുള്ള തടങ്ങളുണ്ടാക്കി അതിൽ അഴുകി പൊടിഞ്ഞ കാലിവളവും മണ്ണും യോജിപ്പിക്കണം. തുടർന്ന് വിത്ത് പാകി പച്ചിലപ്പുതയിടാം. രണ്ടു നേരം നനവേണം. ഒരു മാസം കഴിഞ്ഞാൽ തൈകൾ പറിച്ച് നടാം. മണ്ണിൽ അമ്ലതയുണ്ടെങ്കിൽ ഒരു സെന്റിന് ഏകദേശം ഒരു കിലോ തോതിൽ കുമ്മായം ചേർക്കണം. ഒരാഴ്ചയ്ക്ക് ശേഷം അടിവളമായി ചാണകപ്പൊടി/കമ്പോസ്റ്റ് എന്നിവ സെന്റിന് 100 കിലോ തോതിൽ ചേർക്കുക. പറിച്ച് നടുമ്പോൾ വാരങ്ങൾ തമ്മിലുള്ള അകലം 60 സെ.മീറ്ററും ചെടികൾ തമ്മിലുള്ള അകലം 70 സെ.മീറ്ററും ആയിരിക്കണം. ചകിരിച്ചോറ് പുതയും നന്ന്. 10 ദിവസം കഴിഞ്ഞ് 4 കിലോഗ്രാം കപ്പലണ്ടിപ്പിണ്ണാക്ക്, ഒരു കിലോ വേപ്പിൻപിണ്ണാക്ക് എന്നിവ 50 ലിറ്റർ വെള്ളത്തിൽ 3 ദിവസം പുളിപ്പിച്ച് 20 ദിവസം ഇടവിട്ട് മണ്ണിൽ ഒഴിച്ച് കൊടുക്കാം. പഞ്ചഗവ്യം മൂന്നു തവണയായി 30 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി 20 ദിവസം ഇടവിട്ട് പ്രയോഗിക്കാം. കായ് തുരപ്പൻ ശല്യമുണ്ടെങ്കിൽ പ്രതിരോധിക്കുവാൻ 2% വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം ചെടികളിൽ തളിക്കണം.

ഒരു സെന്റിൽ നിന്ന് ശരാശരി 300 കിലോ ഉത്പാദനം പ്രതീക്ഷിക്കാം. **ഇതിന്റെ തൈകൾ തേവര കസ്തൂർബാനഗറിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ഓഫീസിൽ നിന്നും ലഭിക്കും. താൽപര്യമുള്ളവർ 0484-2317752 എന്ന നമ്പറിൽ ബന്ധപ്പെടുക.**

**ദീപ്തി എൻ.വി.**
ഫോൺ: 0484 - 2317752